**Kochi Edition**
**Mangalam dated on :- 24/08/2025**
**page no :- 5 column 2**

# ത്രോബോൾ ജില്ല ടീം സെലക്ഷൻ ട്രയൽസ്

മട്ടാഞ്ചേരി: ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് ഈ മാസം 29 ,30 തിയതികളിൽ മട്ടാഞ്ചേരി കുറുവ മൈതാനത്ത് നടക്കും. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 25നു മുൻപായി പ്ലേയർ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും ooo.വേൃീംയമഹഹസലൃമഹമ.രീാ എന്ന വെബ് സൈറ്റിൽ പൂർത്തിയാക്കേണ്ടതാണ്. കളിക്കാർ 01/01/2008 നോ, മുൻപോ ജനിച്ചവരായിരിക്കണമെന്നും. അസോസിയേഷൻ ജില്ല സെക്രട്ടറി പി.എസ്.അനീർ അറിയിച്ചു.

Kochi Edition
Malayala Manoram
Dated :- 23/08/2026
Page no :- 4 column no :- 1

# ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്

മട്ടാഞ്ചേരി ● ജില്ലാ ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ് 29, 30 തീയതികളിൽ മട്ടാഞ്ചേരി കുറുവ മൈതാനത്ത് നടത്തും. 25ന് മുൻപ് ടീം റജിസ്ട്രേഷൻ നടത്തണം. www.throwballkerala.com

Malayala Manorama Dated on :- 31/08/2026
page no :- 4 Column no :- 3
Kochi Edition

ജില്ലാ ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പ്

# മട്ടാഞ്ചേരി ഗുജറാത്തി സ്പോർട്സ് അക്കാദമിയും കൂവപ്പടി സെന്റ് ആൻസ് ക്ലബ്ബും ചാംപ്യൻമാർ

മട്ടാഞ്ചേരി● ജില്ലാ ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ കൂവപ്പടി സെന്റ് ആൻസ് ക്ലബ്, മട്ടാഞ്ചേരി ഗുജറാത്തി സ്പോർട്സ് അക്കാദമിയെ പരാജയപ്പെടുത്തി ചാംപ്യന്മാരായി.

കരിമ്പാടം ഡിഡി സഭയും തിരുവാണിയൂർ സ്റ്റെല്ല മേരീസ് ക്ലബ്ബും 3-ാം സ്ഥാനം പങ്കു വച്ചു. പെൺകുട്ടികളുടെ വിഭാഗത്തിൽ മട്ടാഞ്ചേരി ഗുജറാത്തി സ്പോർട്സ് അക്കാദമി തിരുവാണിയൂർ സ്റ്റെല്ല മേരീസ് കോൺവന്റ് ക്ലബ്ബിനെ പരാജയപ്പെടുത്തി ചാംപ്യന്മാരായി.

കൂവപ്പടി സെന്റ് ആൻസ് ക്ലബ്ബും ഫോർട്ട്കൊച്ചി ഫാത്തിമ സ്പോർട്സ് അക്കാദമിയും 3-ാം സ്ഥാനം പങ്കുവച്ചു

ഗുജറാത്തി വിദ്യാലയ മാനേജർ ചേതൻ ഡി. ഷാ, ജില്ലാ സ്പോർട്സ് കൗൺസിൽ നിരീക്ഷകൻ വി. എസ്. ഷിഹാബുദീൻ എന്നിവർ വിജയികൾക്കു ട്രോഫികൾ നൽകി.

ത്രോബോൾ ഫെഡറേഷൻ ഓഫ് ഇന്ത്യ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം കെ.എം. ഷാഹുൽ ഹമീദ്, ജില്ലാ ത്രോബോൾ സെക്രട്ടറി പി.എസ്. അനീർ എന്നിവർ പ്രസംഗിച്ചു.



എറണാകുളം ജില്ലാ ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ചാംപ്യന്മാരായ മട്ടാഞ്ചേരി ഗുജറാത്തി സ്പോർട്സ് അക്കാദമി.


എറണാകുളം ജില്ലാ ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ചാംപ്യന്മാരായ കൂവപ്പടി സെന്റ് ആൻസ് ക്ലബ്.

## ■ ജില്ല ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പ്

# ഗുജറാത്തി സ്പോർട്സ് അക്കാദമിയും സെന്റ് ആൻസ് ക്ലബ്ബും ജേതാക്കൾ

**മട്ടാഞ്ചേരി ▸** ജില്ലാ ജൂനിയർ ത്രോബോൾ ചാംപ്യൻ ഷിപ്പിൽ. ആൺകുട്ടികളുടെ വിഭാഗം ഫൈനലിൽ കൂവപ്പടി സെന്റ് ആൻസ് ക്ലബ് മട്ടാഞ്ചേരി ഗുജറാത്തി സ്പോർട്സ് അക്കാദമിയെ പരാജയപ്പെടുത്തി ജേതാക്കളായി. കരിമ്പാടം ഡി.ഡി സഭയും തിരുവായിന്നൂർ സ്റ്റെല്ല മേരിസ് ക്ലബ്ബും മൂന്നാം സ്ഥാനം പങ്കുവെച്ചു. പെൺകുട്ടികളുടെ വിഭാഗം കലാശക്കളിയിൽ മട്ടാഞ്ചേരി ഗുജറാത്തി സ്പോർട്സ് അക്കാദമി തിരുവണിയൂർ സ്റ്റെല്ല മേരിസ് ക്ലബ്ബിനെ പരാജയപെടുത്തി ചാംപ്യൻഷിപ് കരസ്ഥമാക്കി. കൂവപ്പടി സെന്റ് ആൻസ് ക്ലബ്ബും, ഫോർട്ട് കൊച്ചി ഫാത്തിമ സ്പോർട്സ് അക്കാദമിയും മൂന്നാംസ്ഥാനം പങ്കുവെച്ചു.

കൂവപ്പടി സെൻ്റ് ആൻസ് ക്ലബ്ബിലെ ലയണൽ ,മട്ടാഞ്ചേരി ഗുജറാത്തി സ്പോർട്സ് അക്കാദമിയിലെ ചൈത്ര എന്നിവരെ ചാംപ്യൻഷിപ്പിലെ മികച്ച കളിക്കാരായി തെരഞ്ഞെടുത്തു. സമാപന സമ്മേളനത്തിൽ ഗുജറാത്തി വിദ്യാലയ മാനേജർ ചേതൻ ഡി. ഷാ , ജില്ലാ സ്പോർട്സ് കൗൺസിൽ ഒബ്സർവർ വി.എസ് ഷിഹാബുദ്ദീൻ എന്നിവർ ചേർന്ന് സമ്മാനദാനം നിർവഹിച്ചു. ത്രോബോൾ ഫെഡറേഷൻ ഓഫ് ഇന്ത്യ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം കെ.എം ഷാഹുൽ ഹമീദ് അധ്യക്ഷത വഹിച്ചു . ജില്ലാ ത്രോബോൾ അസോസിയേഷൻ സെക്രട്ടറി പി.എസ് അനീർ, നന്ദി സൽമാൻ ഫാരിഷ്, ടി.എ ഫാരിഷ് ,പി.എസ് അമീർ, ടി.പി മോൻസി സംസാരിച്ചു.

**Dheshabimani date on 31/08/2026**

**page no:- 2 column no :- 3**

ദേശാഭിമാനി
**Kochi Edition**

## ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്

# ഗുജറാത്തി സ്പോർട്സ് അക്കാദമിയും സെന്റ് ആൻസും ജേതാക്കൾ

**മട്ടാഞ്ചേരി**

ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗം ഫൈനലിൽ കൂവപ്പടി സെന്റ് ആൻസ് ക്ലബ് മട്ടാഞ്ചേരി ഗുജറാത്തി സ്പോർട്സ് അക്കാദമിയെ പരാജയപ്പെടുത്തി ചാമ്പ്യന്മാരായി. കരിമ്പാടം ഡിഡി സഭയും തിരുവായിന്നൂർ സ്റ്റെല്ല മേരീസ് ക്ലബ്ബും മൂന്നാം സ്ഥാനം പങ്കിട്ടു.

പെൺകുട്ടികളുടെ വിഭാഗത്തിൽ ഗുജറാത്തി സ്പോർട്സ് അക്കാദമി തിരുവാണിയൂർ സ്റ്റെല്ല മേരീസ് ക്ലബ്ബിനെ പരാജയപ്പെടുത്തി. കൂവപ്പടി സെന്റ് ആൻസ് ക്ലബ്ബും ഫോർട്ട് കൊച്ചി ഫാത്തിമ സ്പോർട്സ് അക്കാദമിയും മൂന്നാം സ്ഥാനം പങ്കുവെച്ചു. കൂവപ്പടി സെന്റ് ആൻസ് ക്ലബ്ബിലെ ലയണൽ, മട്ടാഞ്ചേരി ഗുജറാത്തി സ്പോർട്സ് അക്കാദമിയിലെ ചൈത്ര എന്നിവരെ മികച്ച കളിക്കാരായി തെരഞ്ഞെടുത്തു.




ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗം ജേതാക്കളായ ഗുജറാത്തി സ്ഫോർട്സ് അക്കാദമി ടീം

ഗുജറാത്തി വിദ്യാലയ മാനേജർ ചേതൻ ഡി ഷാ, വി എസ് ഷിഹാബുദ്ദീൻ എന്നിവർ ചേർന്ന് സമ്മാനദാനം നിർവഹിച്ചു. ത്രോബോൾ ഫെഡറേഷൻ ഓഫ് ഇന്ത്യ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം കെ എം ഷാഹുൽ ഹമീദ് അധ്യക്ഷനായി. ജില്ലാ ത്രോബോൾ അസോസിയേഷൻ സെക്രട്ടറി പി എസ് അനിർ, സൽമാൻ ഫാരിഷ്, ടി എ ഫാരിഷ്, പി എസ് അമീർ, ടി പി മോൻസി എന്നിവർ സംസാരിച്ചു.